(ഡി) കരാർ അടിസ്ഥാനത്തിലും, ദിവസക്കൂലിക്കാരായും തൊഴിലാളികൾ പണിയെടുക്കുന്നുണ്ടോ; ഈ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിയമസഭ/പാർലമെന്റ് സാമാജികർ ഉൾപ്പെടെയുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലേയും, മുനിസിപ്പൽ സ്ഥാപനങ്ങളിലേയും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കും ഉദ്യോഗസ്ഥൻമാർക്കും തദ്ദേശ ഭരണ രംഗത്ത് ആവശ്യമായ പരിശീലനം നൽകുക. തദ്ദേശഭരണവും വികസന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളെ സംബന്ധിച്ച് സെമിനാറുകളും വർക്കുഷോപ്പുകളും സംഘടിപ്പിക്കുക, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം നൽകുക, തദ്ദേശ ഭരണ കാര്യങ്ങളിൽ സർക്കാരിന് ആവശ്യമെങ്കിൽ ഉപദേശങ്ങൾ നൽകുക എന്നിവയാണ് കിലയുടെ പ്രവർത്തനങ്ങൾ.

(ബി) നയരൂപീകരണത്തിനും പൊതുഭരണകാര്യങ്ങൾക്കുമായി ജനറൽ കൗൺസിലും ഭരണനിർവ്വഹണത്തിനായി ഒരു എക്സിക്യൂട്ടീവ് കൗൺസിലുമുണ്ട്. അംഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) കിലയിലെ മൊത്തം ജീവനക്കാരുടെ എണ്ണം 44 ആണ്. ഇവരുടെ സേവന വേതന വ്യവസ്ഥകൾ ഗവൺമെന്റ് അംഗീകരിച്ച സർവ്വീസ് ബൈലോ പ്രകാരവും കിലയുടെ ജനറൽ കൗൺസിൽ/ എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയുടെ തീരുമാനപ്രകാരവുമാണ്.

(ഡി) കരാർ അടിസ്ഥാനത്തിലും ദിവസകൂലിക്കാരായും ജീവനക്കാർ പണിയെടുക്കുന്നുണ്ട്. പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സർവ്വീസ് ബൈലോയ്ക്കും നിയമന ഉത്തരവിനും വിരുദ്ധമാണ്.

(3) വൈകി ലഭ്യമായ ഉത്തരങ്ങൾ

വ്യവസായ വളർച്ചാ നിരക്ക്

101(1333) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പ് സാമ്പത്തിക വർഷം എത്ര ശതമാനം വ്യവസായ വളർച്ചാ നിരക്ക് ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) ഒമ്പതാം പദ്ധതിയിൽ ആകെ എത്ര ശതമാനം വളർച്ചാ നിരക്കാണ് ഉദ്ദേശിക്കുന്നത്; 1997-98, 1998-1999 എന്നീ സാമ്പത്തിക വർഷങ്ങളിൽ എത്ര ശതമാനം നേട്ടമുണ്ടായി; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഒമ്പതാം പദ്ധതിയിൽ ഈ വളർച്ചാ നിരക്ക് ദേശീയ ശരാശരി എത്രയായിരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിലെ വളർച്ചാ നിരക്ക് ദേശീയ ശരാശരിക്ക് ഒപ്പം എത്താൻ സാധിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ഉദ്ദേശം 7 ശതമാനത്തോളം വ്യവസായ വളർച്ചാ നിരക്കാണ് പ്രതീക്ഷിക്കുന്നത്.

(ബി) വ്യവസായം, വൈദ്യുതി നിർമ്മാണം എന്നിവ ഉൾപ്പെടുന്ന ദ്വിതീയ മേഖലയിൽ 1980-81 അടിസ്ഥാന വർഷമാക്കി 9.5% വളർച്ചാ നിരക്ക് കൈവരിക്കുന്നതിനാണ് 9-ാം പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. 1993-94 അടിസ്ഥാനമാക്കി 1997-98, 1998-99 എന്നീ സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 5.9 ശതമാനവും 5.5 ശതമാനവും വീതം വളർച്ചാ നിരക്ക് നേടുകയുണ്ടായി.

(സി) ഒമ്പതാം പദ്ധതിയിൽ വളർച്ചാ നിരക്ക് 1997-98, 1998-99 എന്നീ വർഷങ്ങളിൽ യഥാക്രമം 4.2 ശതമാനവും 4.5 ശതമാനവും ആണെന്ന് കണക്കാക്കപ്പെടുന്നു.

(ഡി) ലഭ്യമായ കണക്കനുസരിച്ച് കേരളത്തിലെ വളർച്ചാ നിരക്ക് ഇപ്പോൾ ദേശീയ ശരാശരിയെക്കാൾ കൂടുതലുണ്ട്.

പുതുതായി ആരംഭിച്ച വൻകിട വ്യവസായങ്ങൾ

102 (1334) ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാരാഘവൻ :
ശ്രീ. കെ. സുധാകരൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം വൻകിട വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിച്ചു;

(ബി) ഇവയിൽ എത്രപേർക്ക് തൊഴിൽ ലഭിച്ചു;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം എത്ര ജോയിന്റ് സ്റ്റോക്ക് കമ്പനികൾ രജിസ്റ്റർ ചെയ്തു;

(ഡി) അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി., ടെക്നോപാർക്ക് എന്നിവ വഴി 35 വൻകിട വ്യവസായങ്ങൾ സ്ഥാപിച്ചു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

സഹകാര്യമേഖലയിൽ സ്വതന്ത്രമായി സ്ഥാപിക്കപ്പെട്ട സ്ഥാപനങ്ങൾ ഇതിൽപ്പെടില്ല.

(ബി) 5166 പേർക്ക് തൊഴിൽ ലഭിച്ചു.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

† അനുബന്ധം

LIBRARY ARCHIVES Kerala Legislative Assembly